പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3366** **21.12.2012 ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ.കെ.രാജു | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷികവിളകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് ഉള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത്തരം പദ്ധതികൾ ഒന്നും തന്നെ ഇല്ലെങ്കിൽ ആയത് ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എ) & (ബി) | കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന വിളയെ ദോഷകരമായി ബാധിക്കുന്ന താപനിലയിലുള്ള ഏറ്റക്കുറച്ചിലുകൾ, കാലം തെറ്റിയുള്ള മഴ/അധിവൃഷ്ടി, ശക്തിയായ കാറ്റ്, രോഗ-കീടാക്രമണ സാധ്യതയുള്ള കാലാവസ്ഥ, തുടർച്ചയായ മഴ എന്നിവ മൂലമുണ്ടാകുന്ന വിളനാശത്തിനാണ് പരിരക്ഷ നല്കുന്നത്. 2012 ലെ ഖാരിഫ് സീസണിൽ ഇടുക്കി, വയനാട് ജില്ലകളിലെ കുരുമുളക് കൃഷിക്കും പാലക്കാട് ജില്ലയിലെ നെൽകൃഷിയ്ക്കും 2012 ലെ റാബി സീസണിൽ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ കശുമാവ് കൃഷിക്കും പാലക്കാട് ജില്ലയിലെ നെൽകൃഷിക്കും പദ്ധതി വഴി സംരക്ഷണം നല്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**